**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1775** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേരള സർവ്വകലാശാലയിലെ വനിത കരാർ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയുടെ കീഴിൽ ജോലി ചെയ്യുന്ന വനിത കരാർ ജീവനക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് പഠിക്കുവാൻ സിൻഡിക്കേറ്റ് ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കരാർ ജീവനക്കാർക്ക് പ്രസവാവധിയും പ്രസവാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | 4.01.2021 ലെ സ.ഉ.(അച്ചടി) നം. 2/2021/ധന, സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു) |
| (സി) | ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ് എന്നറിയിക്കാമോ? | (സി) | മനുഷ്യാവകാശ കമ്മീഷനിൽ നിന്നും ഒരു നിർദ്ദേശവും ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന് - കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വനിതാ ഉദ്യോഗസ്ഥർക്ക് കരാർ ദൈർഘ്യം കണക്കിലെടുക്കാതെ പ്രസവാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 2/2021/ധന** **തീയതി, തിരുവനന്തപുരം, 04/01/2021**

## ഉത്തരവ്

കെ.എസ്.ആർ, ഭാഗം I, അനുബന്ധം VIII, ചട്ടം 2-ന്റെ ചുവടെയുള്ള കുറിപ്പ് പ്രകാരം കെ.എസ്.ആർ., ഭാഗം I, ചട്ടങ്ങൾ 100-ഉം, 101-ഉം പ്രകാരമുള്ള പ്രസവാവധി, ഒരു വർഷത്തിലധികമുള്ള നിയമനകരാറിൽ ഏർപ്പെട്ട് ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവർ ഒരു വർഷത്തിൽ കൂടുതൽ കരാർ സർവീസിൽ തുടരുകയും അവധിക്ക് ശേഷവും തുടരാനായി സർവ്വീസ് ഉണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷം അനുവദനീയമാണ്. എന്നാൽ ഒരു വർഷത്തേയ്ക്കോ അതിൽ കുറവ് കാലയളവിലേയ്ക്കോ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന വനിതാ ഉദ്യോഗസ്ഥർക്ക് പ്രസവാവധിക്ക് അർഹതയില്ല.

2. WP (C) 30561/2017; Rakhi P.V. and others Vs. State of Kerala and another എന്ന കേസിലെ 27/02/2018 തീയതിയിലെ വിധിന്യായത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരവും 1961-ലെ മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരവും വനിതാ ഉദ്യോഗസ്ഥർക്ക് അനുവദനീയമായ പ്രസവാവധിയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിതരായ പരാതിക്കാർക്കും അവകാശമുണ്ടെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക്, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ, കരാർ ദൈർഘ്യം കണക്കിലെടുക്കാതെ, 180 ദിവസത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നു വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു. കൂടാതെ, കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക്, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന് വിധേയമായി കരാർ ദൈർഘ്യം കണക്കിലെടുക്കാതെ ആറ് ആഴ്ചത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ, ഏതാണോ ആദ്യം അന്നു വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 101 പ്രകാരം പൂർണ്ണ ശമ്പളത്തോടെയുള്ള അവധിയും അനുവദിക്കുന്നു.

4. പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ട് മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

5. ഈ ഉത്തരവിന് 27/02/2018 തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാജേഷ് കുമാർ സിംഗ്
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)-II, കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (ആമുഖ കത്തോടുകൂടി)
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്തോടുകൂടി)
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 1308741, RULES-B1/131/2019-FIN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ